PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 12 ISSUE : 10 October 2018

## എഡിറ്റോറിയൽ

# പങ്കുവയ്ക്കൽ

"മനുഷ്യന് ദൈവത്തെ തോൽപ്പിക്കാമോ? എങ്കിലും നിങ്ങൾ എന്നെ തോൽപ്പിക്കുന്നു. എന്നാൽ നിങ്ങൾ: ഏതിൽ ഞങ്ങൾ നിന്നെ തോൽപ്പിക്കുന്നു എന്ന് ചോദിക്കുന്നു. ദശാംശത്തിലും വഴിപാടിലും തന്നെ" (മലാഖി 3:8). ദൈവത്തിന്റെ സ്വന്തം നാട് ദിവസങ്ങൾ കൊണ്ട് സാത്താന്റെ നാടായി തീർന്നതാണല്ലോ നാം കണ്ടത്. മലാഖി 3:8 ൽ പറയുന്നതുപോലെ ദൈവത്തെ തോൽപ്പിക്കുകയാണല്ലോ കൂടുതലാളുകളും ചെയ്തുകൊണ്ടിരിക്കുന്നത്. മലാഖി പ്രവാചകനിൽ കൂടി ദൈവം വെളിവാക്കുന്നത്, "നിങ്ങളുടെ പിതാക്കന്മാരുടെ കാലം മുതൽ നിങ്ങൾ എന്റെ ചട്ടങ്ങൾ പ്രമാണിക്കാതെ തെറ്റി നടന്നിരിക്കുന്നു" എന്നാണ്. പങ്കുവെയ്ക്കലാണ് ദശാംശത്തിന്റെ ഉദ്ദേശം. നമ്മുടെ ധനം മറ്റുള്ളവരുടെ കൂടി ഉപയോഗത്തിനാണ് ദൈവം തന്നിരിക്കുന്നത് എന്നുള്ളതുകൊണ്ടാണ് എല്ലാവരും ദശാംശം കൊടുക്കണമെന്നുള്ള നിയമമുണ്ടായിരുന്നത് .

പെട്ടെന്നുണ്ടായ പ്രളയത്തിൽ സർവ്വനാശമുണ്ടായപ്പോൾ പങ്കുവെയ്ക്കലും, മനുഷ്യർ തമ്മിലുള്ള സ്നേഹവും കണ്ട് ദൈവം സന്തോഷിച്ചിട്ടുണ്ടാവും. പ്രളയം മൂലം മുഴുവൻ വീടുകളും നശിച്ച ഒരു പ്രദേശത്തു ചെന്നപ്പോൾ, എല്ലാം നഷ്ടപ്പെട്ടവർ പറഞ്ഞ അനുഭവങ്ങൾ മനസ്സലിയിക്കുന്നവയായിരുന്നു. അവരിൽ തന്നെ രോഗം മൂലവും മറ്റും കഷ്ടപെടുന്നവരുടെ കാര്യമായിരുന്നു സ്വന്തം നിസ്സഹായതയെക്കാളും കൂടുതൽ അവർ പറഞ്ഞത്. നാളത്തെ സ്ഥിതിയെക്കുറിച്ച് അറിയാൻ പാടില്ലാത്തവർ കൂട്ടിവയ്ക്കുന്നതിനേക്കാൾ പങ്കുവെയ്ക്കുകയല്ലേ നല്ലതെന്നു ചിന്തിക്കുവാൻ തുടങ്ങണം.

പങ്കുവെയ്ക്കലിന്റെ പല ഉദാഹരണങ്ങളും പ്രളയത്തോടനുബന്ധിച്ചു നമുക്ക് കാണുവാൻ കഴിഞ്ഞു. എല്ലാവരുടെയും അകമഴിഞ്ഞ പ്രശംസ പിടിച്ചു പറ്റിയ മൽസ്യത്തൊഴിലാളികളുടെ സഹകരണമായിരുന്നു അതിൽ ഏറ്റവും പ്രധാനം. കടൽക്കരയിൽ താമസിക്കുന്ന ഇവർ എല്ലാ ദിവസവും തന്നെ പ്രാണ ഭയത്തിൽ കഴിയുന്നവരാണ്. സുനാമി മുതലായ ദുരന്തങ്ങൾ ഏതുനേരവും സംഭവിക്കുവാൻ സാധ്യതയുള്ളിടത്തു താമസിക്കുന്നവരാണ് ഇവർ. ദുരന്തവാർത്തയറിഞ്ഞയുടൻ തിരുവനന്തപുരം കളക്ടർ വാസുകിക്ക് ദുരന്തത്തിൽ പെട്ടവരെ ഏറ്റവും പെട്ടെന്ന് രക്ഷിക്കുവാൻ കഴിയുന്നവരായി തോന്നിയത്, ഇന്ത്യൻ നേവിയോ, റാപ്പിഡ് ആക്ഷൻ ഫോഴ്സോ ഒന്നുമല്ല. ഇങ്ങിനെയുള്ള സാഹചര്യങ്ങൾക്കായി പരിശീലനം സിദ്ധിച്ചവരെ വരുത്തണമെങ്കിൽ എങ്ങിനെയും അഞ്ചോ, ആറോ മണിക്കൂറുകളെങ്കിലും നഷ്ടമാകും. അപ്പോഴേക്കും കുറേ ആളുകൾക്ക് നാശം സംഭവിച്ചിരിക്കും. വാസുകി ഉടൻ തന്നെ കത്തോലിക്ക പുരോ

*(ശേഷം 4-ാം പേജിൽ)*

## ഇടയ ലേഖനം

# എന്നും പുനർനവം

ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത



പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണുവാൻ ആർക്കും കഴിയുകയില്ല. യോഹ. 3:3 'പുതുതാകുക' എന്നത് വേദോപദേശങ്ങളുടെ സാരമാണ്. 'പുതിയ നിയമം' 'പുതിയകല്പന' 'പുതിയ ജീവൻ' ഇവയെല്ലാം സൂചിപ്പിക്കുന്നത് അതുതന്നെയാണ്. എന്താണീ പുതുമ?.

ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനുള്ള പ്രധാന നിബന്ധനയായി ഇത് നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. അവിടെ പഴയതൊന്നുമില്ല; നിത്യം പുതുതാകുന്ന പുതുമ മാത്രം. ദൈവ-മനുഷ്യ സംവാദം നിമിത്തം, പുതുതായിത്തീരുന്ന മനുഷ്യ ജീവന്റെ വർണ്ണനയാണ് വേദപുസ്തകത്തിൽ കാണുന്നത്. മറ്റുജീവജാലങ്ങളിൽ നിന്നും വിഭിന്നമായി, മനുഷ്യനുമാത്രം സാദ്ധ്യമായ ഒരു പ്രക്രിയയാണ്, തുടരെയുള്ള നവീകരണം. നവീകരണം, ചരിത്രത്തിലെ ഒരു കേവല സംഭവമല്ല; തുടർച്ചയായി നടക്കുന്ന സംഗതിയാണ്. മനുഷ്യനും, കുടുംബങ്ങൾക്കും, സ്ഥാപനങ്ങൾക്കുമെല്ലാം ഇതു സാദ്ധ്യമാണ്, ആവശ്യവുമാണ്. മനുഷ്യൻ പുതുതാകുന്നത് സ്വഭാവത്തിലും നടപടികളിലുമാണ്. യോഗ്യമായി ഉപയോഗപ്പെടുത്തുന്ന ചിന്താശക്തിയും മനഃസാക്ഷിയുടെ പ്രേരണയുമാണ് ഇതിനു നിമിത്തമാകുന്നത്. ഇതുതന്നെയാണ് യഥാർത്ഥ വളർച്ച. മരണം മൂലം അതു നിലച്ചുപോകുന്നില്ല.

യേശുക്രിസ്തുവിനോട് സജീവമായ ബന്ധത്തിൽ വളരുകയും, തന്റെ സൗഹൃദം ഉറപ്പിക്കുകയും ചെയ്യുക മാത്രമാണ് ഇതിനുള്ള വഴി. യേശുനാമം തുടർച്ചയായി ഉരുവിടുന്നതുതന്നെ ഔഷധ സമാനമാണ്! ജീവിതകാലം മുഴുവൻ അധർമ്മത്തിൽ മുഴുകി ജീവിച്ചു, 'ഇടതുഭാഗത്തെ കള്ളൻ', മരണത്തിനു മുമ്പ്, ക്രിസ്തുവിനെ കണ്ട് തിരിച്ചറിഞ്ഞു. അനുതാപത്തിലൂടെ ശരണപ്പെട്ടു; അവൻ, വി.പൗലോസിന്റെ ഭാഷയിൽ, ക്രിസ്തുവിലായി, പുതിയ സൃഷ്ടിയുമായ്. പിന്നീടൊരിക്കലും പഴയ 'വിഷയലോക'ത്തേക്ക് മടങ്ങുകയുമില്ല. എലീശാ പ്രവാചകന്റെ വാക്കനുസരിച്ച് കല്പിക്കപെട്ട അനുഷ്ഠാനം നിർവഹിച്ചപ്പോൾ, നയമാൻ പുതിയവനായി. പിന്നീട് അവൻ യഹോവയുടെ ഭൃത്യനായി ജീവിച്ചു.

ശുദ്ധികരണമാണ്, പുതുമ നേടുന്നതിനുള്ള വഴി. അതായത്, തിന്മ തള്ളി നന്മ തെരഞ്ഞെടുക്കുക എന്നത്. വി. മാമൂദീസാ എന്ന വീണ്ടും ജനനസ്നാനത്തിൽ, സാത്താനെ ഉപേക്ഷിക്കുകയും, മശിഹായെ സ്വീകരിക്കുകയും ചെയ്യുന്നതിന്റെ മർമ്മമാണിത്. അതുവഴി ക്രിസ്തുവിനെ ധരിക്കുകയും, 'ക്രിസ്തുവിൽ' ആയിത്തീരുകയും ചെയ്യുന്നു .

*(ശേഷം 4-ാം പേജിൽ)*

## വികാരിയുടെ കത്ത്

# Am I my brother's keeper?

Fr.Paul George



The phrase **“my brother's keeper”** occurs in the context of the story of Cain and Abel in Genesis 4:1-9. After the Lord God had expelled Adam and Eve from the Garden of Eden for their disobedience, Cain killed his brother Abel out of jealousy that God had found Abel's sacrifice acceptable, but He had rejected Cain's. After the murder, the Lord, knowing full well what had happened, asked Cain where Abel was. Cain's response was ***"I do not know. Am I my brother's keeper?”***

There is a grain of truth in this brazen lie, despite the surly response Cain offers to the God who created him. While no one is the absolute *“keeper”* of others in that we are not responsible for everyone's safety when we are not present, every man is his brother's keeper in that we are not to commit violent acts against them or allow others to do so if we can prevent it. This sort of “keeping” is something God rightfully demands of everyone, on the grounds of both justice and love. But Cain's reply indicates a total lack of any kind of feeling for another human being not to mention the absence of brotherly love and the overriding presence of the kind of selfishness which kills affection and gives rise to hatred.

So, are we the keepers of our brothers and sisters? Yes, in two ways. **First** we are not to commit acts of violence against one another. This includes violence of the tongue in the form of gossip and ***“quarreling, jealousy, outbursts of anger, factions, slander, gossip, arrogance and disorder”*** (1 Corinthians 12:20). **Second**, we are to exhibit brotherly love toward our brothers and sisters in Christ with a tender heart and a humble mind (1 Peter 3:8). In this way, we “keep” those for whom Christ gave His life. Our Lord Jesus Christ has taught us to ***“Love one another. As I have loved you…..”*** (John 13:34).

One of the golden chapters of the Bible is 1 Corinthians 13. In this magnificent portion of the Scriptures, we are reminded that love is even greater than faith and hope. Chapter 13 comes on the heels of Paul's explanation of how the Body of Christ (the Church) is like the human body and is made up of many members, all of whom are important to the function and well-being of the Body. We are continually encouraged throughout the New Testament to love one another *(Hebrews 13:1; Romans 12:10; 1 Thessalonians 4:9).* Sometimes love must correct, admonish or reprove *(2 Thessalonians 3:13-15; Matthew 18:15).* The apostle St. John reminds us this command ***“He has given us this command: Anyone who loves God must love their brothers and sisters also”*** 1 John 4:21.

However, correction is always to be done in the spirit of love with the goal of reconciliation. Paul the apostle wrote to the church at Thessalonica, ***“And we urge you, brethren, to recognize those who labor among you, and are over you in the Lord and admonish you, and to esteem them very highly in love for their work's sake. Be at peace among yourselves. Now we exhort you, brethren, warn those who are unruly, comfort the fainthearted, uphold the weak, be patient with all. See that no one renders evil for evil to anyone, but always pursue what is good both for yourselves and for all”*** (1 Thessalonians 5:12-15).

So, as Christians, we are to be our brother's keeper. As Paul wrote, ***“Therefore let us pursue the things which make for peace and the things by which one may edify (build up) another”*** (Romans 14:19). ■

## പരുമല പദയാത്ര

OCYM കത്തീഡ്രൽ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പ. പരുമല തിരുമേനിയുടെ കബറിടത്തിലേക്കുള്ള പദയാത്ര ഈ വർഷവും പൂർവ്വാധികം ഭക്തിനിർഭരമായി 2018 നവംബർ 1–ാം തീയതി വ്യാഴാഴ്ച രാവിലെ 6 മണിക്ക് കത്തീഡ്രലിൽ നിന്ന് പുറപ്പെടുന്നതാണ്. പോകാൻ ആഗ്രഹിക്കുന്നവർ നേരത്തെ തന്നെ പേരുകൾ ഓഫീസിൽ നൽകേണ്ടതാണ്. വികാരി. ഫാ. ജിജു വർഗീസ്.

## വി. കുർബ്ബാന സമയം

| | |
|---|---|
| **എളംകുളം ചാപ്പൽ:** | Oct 14 - 10.00 am, Oct 21 - 07.00 am |
| | Oct 28 - 10.00 am, Nov 04 - 07.00 am. |
| **സെമിത്തേരിമുക്ക് ചാപ്പൽ:** | Oct 14 - 07.30 am, Oct 28 - 07.30 am. |
| | **എല്ലാ ശനിയാഴ്ചയും വി. കുർബ്ബാന 6.45 am** |

## വിശേഷ ദിവസങ്ങൾ

**ഒക്ടോബർ**

| | |
|---|---|
| 7 ഞായർ | വൈദിക സെമിനാരി ദിനം. |
| 21 ഞായർ | ഇളംകുളം ചാപ്പലിൽ പരി. പരുമല തിരുമേനി യുടെ പെരുന്നാൾ 7.00 ന് കത്തീഡ്രലിൽ 6.30 ന് ഒരു കുർബ്ബാന മാത്രം |

**നവംബർ**

| | |
|---|---|
| 2 വെള്ളി | പരിശുദ്ധ പരുമല തിരുമേനിയുടെ 116–ാം ഓർമ്മ (പരുമല പള്ളി) കത്തീഡ്രലിൽ കുർബാന 6.45ന് |
| 4 ഞായർ | കുദോശ് ഈത്തോ ഞായറാഴ്ച (പ. സഭയുടെ ശുദ്ധീകരണ പെരുന്നാൾ ) |

# സെൻറ് ഡയോനിഷ്യസ്സ് പ്രാർത്ഥനാ യൂണിറ്റിന്റെ ഉദ്ഘാടനം





കത്തീഡ്രലിൽ വൈറ്റില, മരട്, തൃപ്പൂണിത്തുറ മേഖല കേന്ദ്രികരിച്ച് ആരംഭിച്ച പ്രാർത്ഥനാ യൂണിറ്റ് സെൻറ് ഡയോനിഷ്യസ്സിന്റെ ഉദ്ഘാടനം 2018 സെപ്റ്റംബർ 16ന് വന്ദ്യ ഒ. വി. ഏലിയാസ് അച്ചൻ, കത്തീഡ്രൽ വികാരി ജിജുവർഗീസ് അച്ചൻ, സഹവികാരി ബിജു എബി മാത്യു അച്ചൻ, ഡോ. കെ. എം ജോർജ് ചെമ്മാച്ചൻ എന്നിവരുടെ മഹനീയ സാന്നിദ്ധ്യത്തിൽ, ഇടവകാംഗം ജോയി വർഗ്ഗീസിന്റെ വീട്ടിൽ വെച്ച് നടക്കുന്നു .

# സൺഡേ സ്ക്കൂൾ എറണാകുളം ജില്ലാതല മത്സരവിജയികൾ




ഏബെൽ ചെറിയാൻ സാബു


ബ്രൈറ്റി ബിനുരാജ്


ഷിന്റാ സോണി


അനീറ്റ എലിസബത്ത് ഷാജി


അലൻ തോമസ് ജേക്കബ്


നക്ഷത്ര ബെന്നി


റിന്റാ റോയി


മയൂഷാ സാറാ ചെറിയാൻ

സൺഡേ സ്കൂൾ ജില്ലാതല മത്സരത്തിൽ ലഭിച്ച റോളിങ്ങ് ട്രോഫി, സുനിലച്ചനിൽ നിന്നും അനീറ്റ എലിസബത്ത് ഷാജി, ഏബെൽ ചെറിയാൻ സാബു, നക്ഷത്ര ബെന്നി, റിന്റാ റോയി എന്നിവർ ഏറ്റുവാങ്ങുന്നു .

**ജൂനിയർ സിംഗിൾ സോങ്ങ് 2nd:** ഏഞ്ചൽ ജോമി ജോർജ് (സെൻറ് മേരീസ് ചർച്ച്, സൺഡേ സ്ക്കൂൾ)., ● **ജൂനിയർ വേഴ്സസ് റൈറ്റിങ്ങ് 2nd:** ഏബെൽ ചെറിയാൻ സാബു (സെൻറ് മേരീസ് ചർച്ച്, സൺഡേ സ്ക്കൂൾ)., ● **ജൂനിയർ സംഘഗാനം 2nd:** ലെയ ആൻ ഫിലിപ്പ്, ഷിന്റാ സോണി, ബ്രൈറ്റി ബിനുരാജ് (സെൻറ് മേരീസ് ചർച്ച്, ദീപം സൺഡേ സ്ക്കൂൾ)., ● **സീനിയർ സിംഗിൾ സോങ്ങ് 1st** : നക്ഷത്ര ബെന്നി (സെൻറ് മേരീസ് ചർച്ച്, ദീപം സൺഡേ സ്ക്കൂൾ)., ● **സീനിയർ സമൂഹഗാനം 1st:** നക്ഷത്ര ബെന്നി, റിന്റാ റോയി, മയൂഷാ സാറാ ചെറിയാൻ (സെൻറ് മേരീസ് ചർച്ച്, ദീപം സൺഡേ സ്ക്കൂൾ)., ● **സീനിയർ ജി. കെ. 1st:** അനീറ്റ എലിസബത്ത് ഷാജി (സെൻറ് മേരീസ് ചർച്ച്, സൺഡേ സ്ക്കൂൾ)., ● **ഹയർ സെക്കൻഡറി വേഴ്സസ് റൈറ്റിങ്ങ് 1st** : അലൻ തോമസ് ജേക്കബ് (സെൻറ് മേരീസ് ചർച്ച്, സൺഡേ സ്ക്കൂൾ)., ● **ഹയർ സെക്കൻഡറി ജി. കെ. 1st** : അലൻ തോമസ് ജേക്കബ് (സെൻറ് മേരീസ് ചർച്ച്, സൺഡേ സ്ക്കൂൾ)., ● **ഹയർ സെക്കൻഡറി ഉപന്യാസ മത്സരം 1st** : അലൻ തോമസ് ജേക്കബ് (സെൻറ് മേരീസ് ചർച്ച്, സൺഡേ സ്ക്കൂൾ).

## വിവാഹം

തേവര യാച്ച് ക്ലബ് എൻക്ലേവ് പ്ലാമൂട്ടിൽ ശ്രീ. ജോസഫ് നൈനാന്റേയും ശ്രീമതി റേബ ജോസഫിന്റേയും മകൻ **രോഹിത് നൈനാനും** ബാംഗ്ലൂർ കോറമംഗല ചന്ദ്രറെഡ്ഡി ലേ ഔട്ടിൽ കുറിച്ചേത്തു് ശ്രീ. ജേക്കബ് ചാക്കോയുടേയും ശ്രീമതി ഷിമു മേരി ജേക്കബിന്റേയും മകൾ **നിഖിലാ എലിസബത്ത് ജേക്കബും** തമ്മിലുള്ള വിവാഹം 2018 സെപ്റ്റംബർ 3-ാം തീയ്യതി കൊച്ചി ഭദ്രാസനാധിപൻ H. G. യാക്കോബ് മാർ ഐറേനിയോസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ എറണാകുളം സെൻറ് മേരീസ് കത്തീഡ്രലിൽ വെച്ച് നടത്തപ്പെട്ടു.

*വധുവരന്മാർക്ക് മംഗളാശംസകൾ*

**ഇംഗ്ലീഷ് വി. കുർബ്ബാന**

**എല്ലാ ഞായറാഴ്ചയും സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വി. കുർബ്ബാന ഇംഗ്ലീഷിൽ, വൈകുന്നേരം 5.30 ന്**

## നിര്യാതരായി



**ലില്ലി സൈമൺ** (79), ചെറുവത്തൂർ ഹൗസ്, തോപ്പിൽ ലൈൻ, ബ്രോഡ്‌വേ, 19-09-2018 നിര്യാതയായി. സംസ്ക്കാരം 20-09-2018 ൽ കുന്ദംകുളം ആർത്താറ്റ് സെമിത്തേരിയിൽ നടത്തപ്പെട്ടു.



**റോയ്സൺ കെ. ഐ.** (57), പാലക്കൽ, കൊല്ലന്നൂർ ഹൗസ്, ചാലാക്കൽ, മാറമ്പിള്ളി 21-09-2018 നിര്യാതനായി. സംസ്ക്കാരം 22-09-2018 ൽ ചിറ്റൂർ റോഡ് സെമിത്തേരിയിൽ നടത്തപ്പെട്ടു.



**ജോർജ് കെ. ഐ.** (92), പാവൂടത്ത്, കാറ്റാടിയിൽ, കോൺവെന്റ് റോഡ്, കൊച്ചി 25-09-2018 നിര്യാതനായി. സംസ്ക്കാരം 26-09-2018 ൽ എളംകുളം സെമിത്തേരിയിൽ നടത്തപ്പെട്ടു.

*ആദരാഞ്ജലികൾ*

## സംയുക്ത പ്രാർത്ഥനാ യോഗം





സംയുക്ത പ്രാർത്ഥനാ യോഗം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ 30-09-2018 4pm ന് റവ. ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിലച്ചന്റെ (മലങ്കര സഭ മാസിക ചീഫ് എഡിറ്റർ) മുഖ്യ പ്രഭാഷണത്തോടെ നടന്നു.

Parish Members and their children who are staying out of state / country may submit their email ID to <stmaryscathedral.ekm@gmail.com>. Parish news bulletin and other parish informations will be sent to them.

## പ്രതിമാസ ധ്യാനം

**പ്രതിമാസ ധ്യാനം ഒക്ടോബർ 12-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ കത്തീഡ്രലിൽ വെച്ചു നടത്തപ്പെടും.**

*(ഇടയലേഖനം തുടർച്ച)*

പ്രായോഗിക തലത്തിൽ, അവനവന്റെ സ്വഭാവത്തിലെയും, നടപടികളിലെയും, ജീവിതത്തിലെയും അധർമ്മങ്ങളെ പടിപടിയായി നീക്കി, അവയുടെ സ്ഥാനത്ത്, സദ്ചിന്തകളും, സ്നേഹവും, സൽപ്രവർത്തികളും ധാർമ്മിക ജീവിതവും വളർന്നുവരുന്നുവെങ്കിൽ അത് 'പുനർനവ'മാകുന്നതിന്റെ ലക്ഷണം തന്നെയാണ് . ■

*(എഡിറ്റോറിയൽ തുടർച്ച)*

ഹിതനായ ജസ്റ്റിനച്ചനെ വിളിച്ച് രണ്ടുമണിക്കൂറിനകം 50 വള്ളങ്ങളും അതിനുള്ള ആളുകളെയും ഒരുക്കുവാൻ സാധിക്കുമോ എന്നാരാഞ്ഞു. അതിനുള്ള മറുപടികേട്ട് കളക്ടർ അതിശയിച്ചു. അച്ചൻ പറഞ്ഞത് രണ്ടു മണിക്കൂറിന്റെ ആവശ്യമില്ല, കാൽമണിക്കൂറിനകം ഇവരെ സംഘടിപ്പിക്കാമെന്നായിരുന്നു. കളക്ടർ വിഴിഞ്ഞം പള്ളിയിൽ ചെന്നപ്പോൾ കണ്ടത് 300 വള്ളങ്ങളും രക്ഷാപ്രവർത്തനത്തിന് മുന്നിട്ടിറങ്ങിയ അതിലെ തൊഴിലാളികളെയുമാണ്. ഏറ്റവും കൂടുതലാളുകളെ രക്ഷിക്കുവാൻ കഴിഞ്ഞത് മൽസ്യത്തൊഴിലാളികൾക്കായിരുന്നല്ലോ. അവരുടെ കഴിവ് അവർ പങ്കിട്ടത് അവർ ദൈവ വിശ്വാസികളായിരുന്നതു കൊണ്ടുമാത്രമാണ്.

വെറും സാധാരണക്കാരായ മുക്കുവർക്ക് ഒരു വലിയ കാര്യം ചെയ്തു എന്നുള്ള അഹംഭാവം ഇല്ലായിരുന്നു, അവരാൽ കഴിവത് ചെയ്തു എന്നുള്ള ആത്മസംതൃപ്തി മാത്രം. ■

## പ്രാർത്ഥനാ യോഗങ്ങൾ

**St. George Unit (Kaloor Area) 07-10-2018 - 4 pm**
ശ്രീ. എം. വി. പൗലോസ്,
കുരിയൻപറമ്പിൽ (H)
പുത്തൻപുര റോഡ്
എളമക്കര പോലീസ്
സ്റ്റേഷന് സമീപം കൊച്ചി-26
Ph: 9037553608

**St. Thomas Unit (North-Pachalam Area) 21-10-2018 - 4 pm**
ശ്രീ. ടി. പി. ബെന്നി
തോലത്ത് ഹൗസ്
ഗ്രീൻ ഗാർഡൻസ്, ആംഗ്ലോ ഇന്ത്യൻ
സ്കൂൾ റോഡ്, വടുതല
Ph: 9446206492

**St. Dionysius Unit (Vyttila-Maradu Area) 21-10-2018 - 4 pm**
ശ്രീ. ജോസഫ് എം. ഏലിയാസ്
മാഴ്വനാപറമ്പിൽ ഹൗസ്
മാമല പി.ഒ.
ശാസ്താംമുകൾ - 682 035
Ph: 8547120725, 9947471252

**St. Gregorios Unit (Elamkulam-Kadavanthra Area) 28-10-2018 -4 pm**
ശ്രീമതി മറിയാമ്മ ജോസഫ് (തങ്കമ്മ)
ഫ്ളാറ്റ്-3ബി, ഫ്ളോർ-3
ഏഷ്യൻ ഗ്ലോറി, കടവന്ത്ര
വിദ്യാനഗർ, യുവജനസമാജം-
റോഡ്, കൊച്ചിൻ - 20
Ph: 9995325103






Editorial Board : K.K. George (94470 40484), V. N. Philipose, Mammen Abraham & Suma Mathew. Design & Lay-out: dittografix, Printed at Geo Printshop, Ernakulam
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490